കഴിഞ്ഞവർഷം പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടങ്ങൾ

704. [1132] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ വർഷം ലഭത്തിൽ പ്രവർത്തിച്ചവയുടെ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിട്ടുള്ളവ ഏത്ര ;

(സി) അവയുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) അവ നഷ്ടത്തിലായതിന്റെ കാരണമെന്തെന്നു വ്യക്തമാക്കാമോ ;

(ഇ) നഷ്ടം ഒഴിവാക്കാൻ എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ, ബി) 1985-86 വർഷത്തിലെ കണക്കുകൾ പൂർത്തിയായിട്ടില്ല.

(സി, ഡി, ഇ) ഉദിക്കുന്നില്ല.

രാഷ്ട്രീയ പാർട്ടികൾ

705. [1135] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തിപ്പോൾ എത്ര രാഷ്ട്രീയ പാർട്ടികൾ ഉണ്ട് ?

ഉത്തരം

സംസ്ഥാനത്ത് തെരഞ്ഞെടുപ്പു കമ്മീഷൻ അംഗീകരിച്ച ഏഴ് ദേശീയ പാർട്ടികളും നാല് സംസ്ഥാന പാർട്ടികളും ഒരു രജിസ്റ്റേർഡ് പാർട്ടിയും നിലവിലുണ്ട്.

കോഴിക്കോട് വിമാനത്താവളം

706. [1136] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ പണി എത്രമാത്രം പുരോഗമിച്ചു എന്നു വെളിപ്പെടുത്താമോ ;

(ബി) ബാക്കി എന്തെല്ലാം പണികളാണ് ചെയ്തു തീർക്കാനുള്ളത് ;

(സി) ഇതിന്റെ പണി പൂർത്തിയാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ?

ഉത്തരം

(എ) 1987 ഡിസംബറിൽ പൂർത്തിയാകത്തക്ക വിധത്തിൽ കോഴിക്കോട് വിമാനത്താവളത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ധൃതഗതിയിൽ പുരോഗമിക്കുന്നുണ്ട്.

റൺവേയുടെ മണ്ണുപണി, സ്റ്റാഫിന് താമസിക്കാനുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം, ചുറ്റുമതിലിന്റെ പണി, സബ് സ്റ്റേഷൻ നിർമ്മാണം, എന്നിവ പൂർത്തിയായിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly